**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5220** **21-03-2025 - ൽ മറുപടിയ്ക്ക്**

**വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി 07.08.2023 തീയതിയിലെ സ.ഉ(കൈ)നം.71/2023/കൃഷി നമ്പർ ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും വേങ്ങേരി കാർഷിക നഗര മൊത്ത വ്യാപാര വിപണിയുടെ പ്രവർത്തനം കേരള അഗ്രോ ബിസിനസ് കമ്പനിയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.<br><br>പ്രസ്തുത വിപണിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) സ്കീമിൽ ഉൾപ്പെടുത്തി വെയർഹൗസ് നിർമ്മാണത്തിനുള്ള ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>RIAS(റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഗവൺമെന്റ്സ്) പദ്ധതിയിൽ ഉൾപ്പെടുത്തി എക്സ്പോ സെന്റർ & നോളഡ്ജ് ഹബ്ബ് നിർമ്മാണത്തിനു വേണ്ടി 15 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിക്കുകയും ആയത് നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്.<br><br>കൂടാതെ, വേങ്ങേരി കാർഷിക നഗര മൊത്ത വ്യാപാര വിപണിയിലെ നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി [Repair & maintenance of Dormitory & Public Toilet] 15 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കാർഷിക വിപണന കേന്ദ്രത്തിന്റെ ദൈനംദിന കാര്യങ്ങൾ പരിശോധിക്കുന്നതിന് മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | വേങ്ങേരി കാർഷിക നഗര മൊത്ത വ്യാപാര വിപണിയുടെ ഭരണപരമായ ചുമതല കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ)-യുടെ നിയന്ത്രണത്തിലാക്കി 07.08.2023 തീയതിയിലെ സ.ഉ(കൈ) നം.71/2023/കൃഷി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിപണിയിലെ ദൈനംദിന പ്രവർത്തനങ്ങളുടെ ചുമതല കാബ്കോ- |

| | | | |
|---|---|---|---|
| | | | യുടെ അനുമതിയോടെ വിപണി സെക്രട്ടറി നിർവ്വഹിച്ച വരുന്നു. |
| (സി) | പ്രസ്തുത കാർഷിക വിപണന കേന്ദ്രം കർഷകർക്ക് കൂടുതൽ ഉപയോഗപ്രദമാകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി 07.08.2023 തീയതിയിലെ സ.ഉ(കൈ)നം.71/2023/കൃഷി നമ്പർ ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും വേങ്ങേരി കാർഷിക നഗര മൊത്ത വ്യാപാര വിപണിയുടെ പ്രവർത്തനം കേരള അഗ്രോ ബിസിനസ് കമ്പനിയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.<br><br>പ്രസ്തുത വിപണിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) സ്കീമിൽ ഉൾപ്പെടുത്തി വെയർഹൗസ് നിർമ്മാണത്തിനുള്ള ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>RIAS(റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഗവൺമെന്റ്സ്) പദ്ധതിയിൽ ഉൾപ്പെടുത്തി എക്സ്പോ സെന്റർ & നോളഡ്ജ് ഹബ്ബ് നിർമ്മാണത്തിനു വേണ്ടി 15 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിക്കുകയും ആയത് നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്.<br><br>കൂടാതെ, വേങ്ങേരി കാർഷിക നഗര മൊത്ത വ്യാപാര വിപണിയിലെ നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി [Repair & maintenance of Dormitory & Public Toilet] 15 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ